**D 93063** **(Pages : 3)** **Name.......................................**

**Reg. No...................................**

# THIRD SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2020

(CBCSS–UG)

Malayalam

MAL 3B 03—NAVEENA MALAYALA KAVITHA

(2019 Admissions)

Time : Two Hours and a Half — Maximum : 80 Marks

## Section A

*Answer at least* **ten** *questions.*
*Each question carries 3 marks.*
*All questions can be attended.*
*Overall ceiling* 30.

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

1 "ചോരയ്ക്ക് ചോര തോക്കിനു തോക്ക്
ധൈര്യത്തിനു ധൈര്യം
കാലം പഴയതല്ല, ചൂടുവേനലാണ് കലിയാണ്
ഒരു പക്ഷേ ഇതായിരിക്കാം
കവി പറഞ്ഞ ആ ക്രൂരകാലം"

—രണ്ടു കവികളാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. ആരെല്ലാം ?

2 "വിഷവാതമൂതാത്ത വിഷവാണി കേൾക്കാത്ത
വിഷനീർ കുടിക്കാത്ത നാടെവിടെ മക്കളേ ?"

—ആശയമെഴുതുക.

3 തകർച്ചയുടെ പ്രതീകങ്ങളായി 'ബസ്സ്റ്റോപ്പിൽ' എന്ന കവിതയിൽ കടന്നു വരുന്ന ചിത്രങ്ങൾ എന്തെല്ലാം ?

4 "നാളെ സൂര്യനുദിക്കുമ്പോ-
ളിവൾക്കും പകലെത്തുമോ ?"

—സന്ദേഹത്തിനു കാരണമെന്ത് ?

5 കടമ്മനിട്ടക്കവിതകളുടെ പൊതു സവിശേഷതയെന്ത് ?

6 "മുതുകിൽ നിൻ ചാട്ടയുലച്ചുകൊള്ളുക
വലയത്തിൽ ചാടാനുണർന്നിരിപ്പൂ ഞാൻ"

—ആരുടെ ? ഈ തളർച്ചയ്ക്ക് കാരണമെന്ത് ?

**Turn over**

7 “ജീവിതത്തേൻ നിറഞ്ഞുന്മദം തേടുവാ-

നാവില്ലുയിർ ചേർത്തതീശ്വരൻ നമ്മളിൽ”

—വിവക്ഷിതമെന്ത് ?

8 “പന്തുപോലൊന്നു കിട്ടിയാൽ നിർത്തണേ

ഒന്നു കൂക്കി വിളിച്ചറിയിക്കണേ”

—ആരോട് പറയുന്നത് ? ആശയമെന്ത് ?

9 തിരമൊഴി എന്നാലെന്ത് ?

10 “നടപ്പുകാലത്തിന്നടയാളങ്ങളീ

നരർക്ക് നാ,മതിൽക്കവിഞ്ഞൊരർത്ഥമോ ?”

—വിവക്ഷിതമെന്ത് ?

11 പ്ലമേനമ്മായി എന്ന കവിതാ സമാഹാരത്തിന്റെ സവിശേഷതയെന്ത് ?

12 ആധുനികാനന്തരത എന്നതു കൊണ്ട് അർത്ഥമാക്കുന്നതെന്ത് ? കാലഘട്ടം വ്യക്തമാക്കുക.

13 “നേഴ്സറി വിട്ടു പോകുന്ന കുഞ്ഞുങ്ങളുടെ

നീണ്ട നിര

അവർ ചെലവഴിക്കുന്നത്

അവരുടെ സ്വർഗ്ഗത്തിലെ ശേഷിച്ച

ദിനങ്ങളാണെന്നെനിക്കറിയാം”

—കവിയുടെ തിരിച്ചറിവിന് കാരണമായ ഘടകങ്ങൾ എന്തെല്ലാം ?

14 “കമഴ്ത്തിവച്ച ആകാശത്തിനു കീഴിലായിരുന്നു

ഞങ്ങൾ”—ആശയം എഴുതുക.

15 “മുഗ്ധ ഞാൻ മാറുന്നു ; ബിംബിക്കൊലാ തവ

മുന്നിലെക്കണ്ണാടിയിങ്കലെൻ പാഴ്നിഴൽ”

—കാരണമെന്ത് ?

(10 × 3 = 30 marks)

## Section B

*Answer at least* **five** *questions.*
*Each question carries 6 marks.*
*All questions can be attended.*
*Overall ceiling 30.*

II. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16 സാങ്കൽപ്പികലോകവും യാഥാർത്ഥ്യ ലോകവും തമ്മിലുള്ള സംഘർഷം ശാന്തയിൽ കടന്നു വരുന്നതെങ്ങനെ ?

17 “അടയുന്ന കൺപോളകളോടെ ഓർക്കാൻ ശ്രമിക്കുന്നു

ചോരയിൽ ചവുട്ടി നിൽക്കുന്ന ആൾക്കൂട്ടം”

—അവസാനവരിയുടെ സാമൂഹിക പ്രസക്തി വിശദീകരിക്കുക.

18 പരിസ്ഥിതിയോടുള്ള മനുഷ്യന്റെ സമീപനത്തിൽ സംഭവിച്ച അപചയങ്ങളെക്കുറിച്ചാണ് അയ്യപ്പപ്പണിക്കർ തന്റെ കവിതയിൽ ആകുലപ്പെടുന്നത് –'കാടെവിടെ മക്കളേ' എന്ന കവിതയെ മുൻനിർത്തി ചർച്ച ചെയ്യുക.

19 പെൺകുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും വിമോചനത്തെക്കുറിച്ചുള്ള സ്വപ്നങ്ങളും ഒരു പോലെ പ്രതിപാദിക്കുന്ന കവിതയാണ് പെൺകുഞ്ഞ്-90—പരിശോധിക്കുക.

20 പൊള്ളയായ സ്നേഹപ്രകടനങ്ങളുടെ നിരർത്ഥകതയെക്കുറിച്ച് ബസ്സ്റ്റോപ്പിൽ എന്ന കവിത സംസാരിക്കുന്നുണ്ട്. വ്യക്തമാക്കുക.

21 വൈദേശികമായ അറിവുകളെയും ബിംബങ്ങളെയും പ്രതിപാദ്യ വിഷയത്തോട് സമർത്ഥമായി ചേർത്തിണക്കുന്ന കവിയാണ് സച്ചിദാനന്ദൻ. സോദാഹരണസഹിതം വ്യക്തമാക്കുക.

22 മഹാഭാരത പശ്ചാത്തലത്തിൽ ബംഗാൾ രചിക്കപ്പെട്ടതിലെ സാംഗത്യമെന്ത് ?

23 പ്രതികരണശേഷി നഷ്ടപ്പെട്ട ഒരു ജനതയുടെ പ്രതീകമാണ് പോത്ത്. കവിതയെ വിലയിരുത്തുക.

(5 × 6 = 30 marks)

## Section C

*Answer any* **two** *questions.*
*Each question carries* 10 *marks.*

III. മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24 'ബംഗാൾ', 'പനി' എന്നീ കവിതകളിലെ രാഷ്ട്രീയം ചർച്ച ചെയ്യുക.

25 ആധുനികാനന്തര കവിതയിൽ സ്ത്രീ, പരിസ്ഥിതി, ദളിത് വിഷയങ്ങളുടെ സ്ഥാനമെന്ത് ?

26 പുരുഷ മേധാവിത്വത്തോട് താദാത്മ്യം പ്രാപിക്കേണ്ടി വരുന്ന സ്ത്രീയുടെ അപകടകരമായ മൗനത്തെ മൃഗശിക്ഷകൻ എന്ന കവിത വിമർശിക്കുന്നുണ്ട്. വിലയിരുത്തുക.

27 സോഷ്യൽ മീഡിയകളുടെ ആവിർഭാവം സാഹിത്യത്തെ എത്രത്തോളം ജനകീയമാക്കിയിട്ടുണ്ട്. അഭിപ്രായം രേഖപ്പെടുത്തുക.

(2 × 10 = 20 marks)